# പ്രധാന വാഗ്ദാനങ്ങൾ

കോൺഗ്രസ്സ് പ്രകടന പത്രിക
ലോക്സഭാ തിരഞ്ഞെടുപ്പ്
2019

## 01 ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് മിനിമം വേതന പദ്ധതി അഥവാ ന്യൂനതം ആയ് യോജന (ന്യായ്-NYAY)

എല്ലാ ഇന്ത്യാക്കാർക്കും മാന്യമായ ഒരു ജീവിതം ഉറപ്പാക്കാൻ കോൺഗ്രസ്സ് ന്യൂനതം ആയ് യോജന (ന്യായ്) അവതരിപ്പിക്കുന്നു. ഇതനുസരിച്ച്, രാജ്യത്തെ 20 ശതമാനത്തോളം ദരിദ്ര കുടുംബങ്ങൾക്ക് 72000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കും . ഇത് കഴിയുന്നത്ര ഗൃഹനാഥയുടെ അക്കൗണ്ടിലേയ്ക്കായിരിക്കും നിക്ഷേപിക്കുന്നത്.

## 02 തൊഴിൽ വിപ്ളവം

ഇന്ത്യയിലെ  യുവജനങ്ങൾക്കായി, പൊതുമേഖലയിലും, സ്വകാര്യ മേഖലയിലും തൊഴിൽ ലഭ്യത ഞങ്ങളുടെപ്രകടന പത്രികയിൽ ഒന്നാം സ്ഥാനത്തായിരിക്കുമെന്ന് കോൺഗ്രസ്സ് പ്രതിജ്ഞ ചെയ്യുന്നു. പൊതുമേഖലയിൽ 34 ലക്ഷം തൊഴിലവസരങ്ങൾ ഞങ്ങൾ ഉറപ്പുവരുത്തും;

1. 2020 മാർച്ചിന് മുൻപ് 4 ലക്ഷം കേന്ദ്ര സർക്കാർ ഒഴിവുകൾ മുഴുവനും നികത്തും.
2. തങ്ങളുടെ 20 ലക്ഷം ഒഴിവുകൾ നികത്താൻ സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കും .
3. ഓരോ ഗ്രാമപഞ്ചായത്തിലും നഗര-തദ്ദേശീയ സ്ഥാപനത്തിലും ഏതാണ്ട് 10 ലക്ഷത്തോളം പുതിയ സേവാ മിത്ര തൊഴിലവസരങ്ങള് ഉണ്ടാക്കുന്നതാണ്.

ഞങ്ങൾ സ്വകാര്യമേഖലയിൽ തൊഴിലവസരങ്ങള് വർദ്ധിപ്പിക്കുവാൻ വേണ്ട പ്രോത്സാഹനങ്ങൾ നൽകും. ഇതിനായി;

1. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതുമായ  ബിസിനസ് സ്ഥാപനങ്ങൾക്ക് പാരിതോഷികം നൽകുന്നതാണ്,
2. ഒരു പരിശീലന പരിപാടി നടപ്പാക്കാൻ 100 ൽപ്പരം ജീവനക്കാർക്ക് ജോലി നൽകുന്ന ബിസിനസ് സ്ഥാപനങ്ങളിൽ അപ്രന്റീസ് (ജോലി പരിശീലന) പദ്ധതി നടപ്പാക്കും.

## 03 കർഷകരും കർഷകത്തൊഴിലാളികളും

കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിലുപരി കാർഷിക കടങ്ങളിൽ നിന്നുമുള്ള മോചനമാണ് കോൺഗ്രസ്സിന്റെ ലക്ഷ്യം. ഇത്, ആദായാടിസ്ഥാനത്തിലുള്ള വിലകളിലൂടെയും കാർഷിക ചെലവുകൾ കുറയ്ക്കുന്നതിലൂടെയും ഇൻസ്റ്റിറ്റൂഷണൽ വായ്പകൾ ഉറപ്പുവരുത്തുന്നതിലൂടെയും കൈവരിക്കുന്നതാണ്. ഞങ്ങൾ എല്ലാ വർഷവും പ്രത്യേകമായ "കാർഷിക ബഡ്ജറ്റ്" അവതരിപ്പിക്കുന്നതാണ്. കാർഷിക വികസനത്തിനും ആസൂത്രണത്തിനുമായി  ഒരു സ്ഥിരം ദേശീയ കമ്മീഷനും ഞങ്ങൾ രൂപികരിക്കും

## 04 സാർവത്രിക ആരോഗ്യപരിരക്ഷ

ആരോഗ്യ പരിരക്ഷാ നിയമം നടപ്പിലാക്കുമെന്നും പൊതു ആശുപത്രികളുടെയും നിയുക്ത സ്വകാര്യ ആശുപത്രികളുടേയും  ശൃംഖലയിലൂടെ, ഓരോ പൗരനും സൗജന്യ  രോഗ നിർണ്ണയവും, ഔട്ട്-പേഷ്യന്റെ പരിചരണവും, സൗജന്യ മരുന്നുകളും സൗജന്യ ആശുപത്രി പരിചരണവും, ഉറപ്പാക്കുമെന്നും കോൺഗ്രസ്സ്  വാഗ്ദാനം ചെയ്യുന്നു. 2023-24 ആകുമ്പോഴേക്കും ആരോഗ്യ പരിരക്ഷാ ചെലവ് ഞങ്ങൾ ഇരട്ടിയാക്കി ജി.ഡി.പിയുടെ 3 ശതമാനത്തിലെത്തിക്കും.

## 05 ജി.എസ്.ടി 2.0

മിതമായ ഏകനികുതി നിരക്കും കയറ്റുമതിക്ക് സീറോ റേറ്റിംഗും നടപ്പാക്കിക്കൊണ്ടും, ഒപ്പം അവശ്യസാധനങ്ങളും സേവനങ്ങളും ഒഴിവാക്കിക്കൊണ്ടും ജി.എസ്.ടി പദ്ധതി വളരെ ലളിതമായി നടപ്പാക്കും. കോൺഗ്രസ്സ് ജിഎസ്ടി വരുമാനത്തിന്റെ ഒരു പങ്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുമെന്ന്  വാഗ്ദാനം ചെയ്യുന്നു.

## 06 സായുധ സേനയും അർദ്ധസൈനിക സേനകളും

എൻ.ഡി.എ സർക്കാരിന് കീഴിലുള്ള പ്രതിരോധ ചെലവുകള്  കുറയുന്ന പ്രവണതയെ കോൺഗ്രസ്സ് ഇല്ലാതാക്കുകയും സായുധ സേനയുടെ ആവശ്യങ്ങൾ നിറവേറ്റുവാനായി ഇത് ഉയർത്തുകയും ചെയ്യും. സായുധ സേനയിലെ എല്ലാ ആധുനികവൽക്കരണ പരിപാടികളും സുതാര്യത്തോടെയും വേഗത്തിലും ഞങ്ങൾ നടപ്പിലാക്കും. അർദ്ധസൈനിക വിഭാഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തും.

## 07 എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം

പബ്ലിക് സ്കൂളുകളിൽ ഒന്നാം ക്ലാസ്സ്  മുതൽ ക്ലാസ് പന്ത്രണ്ട് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമായിരിക്കുമെന്ന് കോൺഗ്രസ്സ്  വാഗ്ദാനം ചെയ്യുന്നു. പഠനത്തിന്റെ  ഫലങ്ങളിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കും. സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും യോഗ്യതയുള്ള അദ്ധ്യാപകരെയും  ഏർപ്പെടുത്തും. ഇത് നേടാൻ, 2023-24 ൽ വിദ്യാഭ്യാസ ബഡ്ജറ്റ് വിഹിതം GDP-യുടെ 6 ശതമാനമായി വർദ്ധിപ്പിക്കും

## 08 ലിംഗനീതി

പതിനേഴാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിൽ, ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33% സീറ്റുകൾ സംവരണം ചെയ്യുന്നതിനുള്ള വനിതാ സംവരണ ബിൽ പാസ്സാക്കുമെന്ന് കോൺഗ്രസ്സ്  വാഗ്ദാനം ചെയ്യുന്നു. അതോടൊപ്പം, കേന്ദ്രസർക്കാരിന്റെ എല്ലാ തസ്കിതകളിലും ഒഴിവുകളിലും വനിതകൾക്ക് 33% സംവരണം കോൺഗ്രസ്സ്  ഉറപ്പാക്കുന്നതാണ്.

## 09 ആദിവാസികൾ

വനാവകാശനിയമം-2006 ഞങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുകയും, ഈ നിയമത്തിന് കീഴിൽ പട്ടിക വർഗങ്ങൾക്ക് ഉറപ്പുനൽകുന്ന അവകാശങ്ങൾ അവർക്കായി സംരക്ഷിക്കുകയും ചെയ്യും. ഒരു ആദിവാസിയേയും അന്യായമായി ഒഴിപ്പിക്കുകയില്ല. മരം ഒഴികെ ഉള്ള വന ഉൽപ്പന്നങ്ങൾക്കായി ഒരു ദേശീയ കമ്മീഷൻ ഞങ്ങൾ സ്ഥാപിക്കും. ആദിവാസികളുടെ ഉപജീവനവും വരുമാനവും മെച്ചപ്പെടുത്തുന്നതിന്, മരം ഒഴികെ ഉള്ള വന ഉൽപ്പന്നങ്ങൾക്ക് (NTFP) മിനിമം താങ്ങുവില നൽകുന്നതായിരിക്കും.

## 10 ഭവനാവകാശം

സ്വന്തമായിട്ട് വീടോ അല്ലെങ്കിൽ വീടുവെയ്ക്കാൻ സ്ഥലമോ ഇല്ലാത്ത എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും സ്വന്തമായി വീടു നിർമിക്കാനുള്ള സ്ഥലം നൽകുന്നതിനായി ഞങ്ങൾ ഭവനാവകാശ നിയമം പാസ്സാക്കും.

## 11 വിദ്വേഷക്കുറ്റങ്ങൾ   അവസാനിപ്പിക്കും

എൻ.ഡി.എ സർക്കാരിന്റെ കീഴിൽ കഴിഞ്ഞ 5 വർഷക്കാലത്ത് സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കെതിരായുള്ള വിദ്വേഷ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും പതിമടങ്ങ് വർദ്ധിച്ചു. ശിക്ഷാഭീതിയില്ലായ്മ അവസാനിപ്പിക്കാനും, ആൾക്കൂട്ട അക്രമങ്ങളും കൊലപാതകങ്ങളും, പട്ടികജാതി, പട്ടികവർഗ്ഗങ്ങളിലെ സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും എതിരായുള്ള വിദ്വേഷ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും അടിച്ചമർത്തുന്നതിനും കോൺഗ്രസ്സ് പ്രതിജ്ഞാബദ്ധമാണ്. കലാപം, അക്രമം, സംഘർഷം, വിദ്വേഷ കുറ്റകൃത്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ കൃത്യവിലോപം തെളിയിക്കപ്പെട്ടാൽ, അതിന്റെ ഉത്തവാദിത്വം പോലീസും ജില്ലാ ഭരണകൂടവും ഏറ്റെടുക്കുന്നത് കോൺഗ്രസ്സ് ഉറപ്പുവരുത്തും.

## 12 സ്വാതന്ത്ര്യം ആഘോഷിക്കൽ

ഇന്ത്യൻ ഭരണഘടനയിൽ നൽകിയിട്ടുള്ള മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും, വയോജനങ്ങൾക്കുള്ള സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കോൺഗ്രസ്സ് വാഗ്ദാനം ചെയ്യുന്നു. സ്വകാര്യത സംരക്ഷിക്കുന്നതിന് കോൺഗ്രസ്സ് നിയമം നടപ്പാക്കും; ആധാർ നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിനായി മാത്രം അതിന്റെ ഉപയോഗം പരിമിതപ്പെടുത്തും; ഓരോ പൗരൻറേയും പ്രത്യേകിച്ച് വിദ്യാർത്ഥികൾ, പത്രപ്രവർത്തകർ, അദ്ധ്യാപകർ, കലാകാരൻമാർ, സാമൂഹിക പ്രവർത്തകർ, NGO-കൾ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കും. എല്ലാ നിയമങ്ങളും കോൺഗ്രസ്സ് പുനരവലോകനം ചെയ്യുകയും, കാലഹരണപ്പെട്ടവയും, ന്യായരഹിതമായവയും, അനാവശ്യമായി ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയും ആയ നിയമങ്ങളെ റദ്ദാക്കുകയും ചെയ്യും.

## 13 നമ്മുടെ സ്ഥാപനങ്ങൾ സുരക്ഷിതമാക്കൽ

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ മന:പൂർവ്വം തകർക്കപ്പെട്ട റിസർവ് ബാങ്ക്, തിരഞ്ഞെടുപ്പ് കമ്മീഷൻ, സി.എ. ജി, സിബിഐ തുടങ്ങിയ സ്ഥാപനങ്ങളെ കോൺഗ്രസ്സ് പുനരുജ്ജീവിപ്പിക്കുന്നതാണ്. അവയുടെ അന്തസ്, അധികാരങ്ങൾ, സ്വയംഭരണം എന്നിവ പുനഃസ്ഥാപിച്ച് അവയുടെ ആത്യന്തിക ഉത്തരവാദിത്വം പാർലമെന്റിനോടാക്കുമെന്ന് കോൺഗ്രസ്സ്  വാഗ്ദാനം ചെയ്യുന്നു. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ ഉറപ്പാക്കാൻ, എൻ.ഡി.എ ഗവൺമെൻറ് അവതരിപ്പിച്ച സുതാര്യമല്ലാത്ത തെരഞ്ഞെടുപ്പ് ബോണ്ടുകൾ ഞങ്ങൾ നിരാകരിക്കുകയും അംഗീകരിക്കപ്പെട്ട രാഷ്ട്രീയ പാർട്ടികളിലേക്ക് തിരഞ്ഞെടുപ്പ് സമയത്ത് ഫണ്ട് അനുവദിക്കുന്ന ഒരു ദേശീയ തിരഞ്ഞെടുപ്പ് ഫണ്ട് സ്ഥാപിക്കുകയും ചെയ്യും.

## 14 നഗരങ്ങളും നഗരഭരണവ്യവസ്ഥയും

നഗര ഭരണവും, ഉപജീവന മാർഗ്ഗങ്ങളും, ഭവനപദ്ധതികളും, ആവാസ വ്യവസ്ഥയും, മലിനീകരണവും, കാലാവസ്ഥാ വ്യതിയാനവും, നഗര ഗതാഗതവും, ദുരന്ത നിവാരണവും ഉൾപ്പടെ, നമ്മുടെ നഗരങ്ങളേയും പട്ടണങ്ങളേയും സംബന്ധിച്ച പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി സമഗ്രമായ ഒരു നഗരവൽക്കരണ നയം നടപ്പാക്കുമെന്ന് കോൺഗ്രസ്സ് വാഗ്ദാനം ചെയ്യുന്നു. നഗരത്തിലെ പാവപ്പെട്ടവർക്കായി, പാർപ്പിടാവകാശവും സ്വേച്ഛാപരമായ കുടിയൊഴിപ്പിക്കൽ തടയലും, ചേരികളുടെ  ഒരു നവീകരണ, രൂപാന്തരണ പദ്ധതിയും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ജനങ്ങൾ മേയർമാരെ നേരിട്ട് തിരഞ്ഞെടുക്കുന്നതിലൂടെ  നഗരങ്ങളിലും പട്ടണങ്ങളിലും ഞങ്ങൾ ഒരു പുതിയ ഭരണവ്യവസ്ഥ നടപ്പാക്കും. നഗരങ്ങളെ സാമ്പത്തിക വളർച്ചയുടെ അടിസ്ഥാന ഘടകങ്ങളാക്കി ഞങ്ങൾ മാറ്റുന്നതാണ്.

## 15 പരിസ്ഥിതിയും കാലാവസ്ഥാമാറ്റവും

ആഗോള താപനത്തിനും പാരിസ്ഥിതിക സംരക്ഷണത്തിനും എതിരായ പോരാട്ടത്തിൽ മുൻപന്തിയിൽ ഇന്ത്യയെ നയിക്കുന്ന ഒരു പ്രവർത്തന അജണ്ട കോൺഗ്രസ് വാഗ്ദാനം ചെയ്യുന്നു. വായു മലിനീകരണം ദേശീയ പൊതുജനാരോഗ്യ അടിയന്തരപ്രശ്നമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതനുസരിച്ച്  ദേശീയ ശുദ്ധവായു പരിപാടി ഞങ്ങൾ ഗണ്യമായി ശക്തിപ്പെടുത്തുന്നതായിരിക്കും. ജനങ്ങൾക്ക് അവകാശപ്പെട്ട വിലയേറിയ പ്രകൃതി വിഭവങ്ങളായ വനങ്ങളും, വന്യജീവികളും, ജലാശയങ്ങളും, നദികളും, ശുദ്ധവായുവും, തീരദേശ മേഖലയും സംരക്ഷിക്കാൻ ഞങ്ങൾ പ്രതിബദ്ധരാണ്. ഞങ്ങൾ സ്വതന്ത്രവും, ശാക്തീകരണാധിഷ്ഠിതവും, സുതാര്യവുമായ പരിസ്ഥിതി സംരക്ഷണ അതോറിറ്റി രൂപീകരിക്കുകയും വനം  വകുപ്പിന്റെ പങ്ക് പുനർനിർണ്ണയിക്കുകയും, വന വത്കരണം നടപ്പിലാക്കുകയും ചെയ്യും .



“പറഞ്ഞ വാഗ്ദാനങ്ങൾ ഞാൻ
നിറവേറ്റാതിരുന്നിട്ടില്ല” — രാഹുൽ ഗാന്ധി

## ഇന്ത്യൻ നാഷണൽ കോൺഗ്രസ്